ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഭീകരതയ്ക്കെതിരായ പോരാട്ടത്തിന് ഓപ്പറേഷൻ സിന്ദൂർ ഇന്ത്യയുടെ സ്ഥാപിത നയമായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **The Prime Minister declared that Operation Sindoor is now India's established policy in the fight against terrorism, marking a decisive shift in India's strategic approach.**

2. ഇന്ത്യയ്ക്കെതിരായ ഭീകരാക്രമണത്തിന് ശക്തവും ധീരവുമായി മറുപടി നല്കുമെന്നും പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യവെ പറഞ്ഞു. ഭീകരതയും ചർച്ചയും ഒന്നിച്ച് പോവില്ലെന്നും പ്രധാനമന്ത്രി.

   **In his first address to the nation after Operation Sindoor, Prime Minister Narendra Modi says India will now respond to terror on its own terms; reiterates terror, trade and talks cannot go together.**

3. അതിർത്തി മേഖലയിൽ നിന്നും സൈനികരെ കുറയ്ക്കുന്നത് ഉറപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ പരിഗണിക്കാൻ ഇന്ത്യയും പാകിസ്ഥാനും ധാരണയായി.

   **DGMO level talks held between India and Pakistan; both sides agree to consider measures to ensure troop reduction from the borders.**

4. **ജമ്മുവിൽ, അതിർത്തിക്ക് പുറത്തുള്ള ജില്ലകളിലെയും കശ്മീർ ഡിവിഷനുകളിലെയും സ്കൂളുകളും കോളേജുകളും ഇന്ന് മുതൽ വീണ്ടും തുറക്കും.**

**Jammu and Kashmir government has decided to re-open schools and colleges in non-border districts of Jammu as well as Kashmir divisions from today.**

5. **പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ നാളെ മുതൽ സമർപ്പിക്കാം.**

**Applications for Plus One higher secondary admission can be submitted online from tomorrow**

6. **നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ ഈ മാസം 17ന് പുനരാരംഭിക്കും.**

**Board of Control for Cricket in India has announced that the Indian Premier League 2025 will resume on 17th of this month.**

******************************

## PM ADDRESS -1 (INTRO)

ഓപ്പറേഷൻ സിന്ദൂർ താൽകാലികമായാണ് നിർത്തിവച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വരും ദിവസങ്ങളിൽ പാകിസ്ഥാൻറെ ഓരോ നീക്കവും ഇന്ത്യ വിലയിരുത്തുമെന്നും അദ്ദേഹം പറഞ്ഞു. ഇന്നലെ വൈകുന്നേരം വീഡിയോ കോൺഫറൻസിലൂടെ രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചതിൻറെ ആദ്യ മൂന്ന് ദിവസത്തിനുള്ളിൽ, പാകിസ്ഥാന് പ്രതീക്ഷിച്ചതിലും വലിയ നാശനഷ്ടം നേരിടേണ്ടിവന്നു. പ്രതിസന്ധിയിൽ നിന്ന് കരകയറാൻ പാകിസ്ഥാൻ ആഗോള സമൂഹത്തോട് അഭ്യർത്ഥിച്ചു. പാകിസ്ഥാൻ സൈന്യം മെയ് 10 ന് ഇന്ത്യയുടെ ഡയറക്ടർ ജനറൽ മിലിട്ടറി ഓപ്പറേഷൻസ്-ഡിജിഎംഒയെ സമീപിച്ചെന്നും പ്രധാനമന്ത്രി വെളിപ്പെടുത്തി. ഇന്ത്യയ്ക്കെതിരായ എല്ലാ ഭീകര പ്രവർത്തനങ്ങളും സൈനിക ആക്രമണങ്ങളും അവസാനിപ്പിക്കാമെന്ന് പാകിസ്ഥാൻ ഉറപ്പ്

നൽകി. ഇതോടെയാണ് പാക് ഭീകരർക്കും സൈനിക കേന്ദ്രങ്ങൾക്കും എതിരായ പ്രത്യാക്രമണം താൽക്കാലികമായി നിർത്തിവയ്ക്കാൻ ഇന്ത്യ തീരുമാനിച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ വെറുമൊരു പേരല്ല, കോടിക്കണക്കിന് ഇന്ത്യക്കാരുടെ വികാരങ്ങളുടെ പ്രതിഫലനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. (വോയ്സ്)

******************************

## PM ADDRESS -2 (INTRO)

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഓപ്പറേഷൻ സിന്ദൂർ ആണ് ഇന്ത്യയുടെ സ്ഥാപിത നയമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ചു. ഇന്ത്യയ്ക്കെതിരായ ഏതൊരു ഭീകരാക്രമണത്തിനും ശക്തവും ദൃഢവുമായ മറുപടി നൽകും. ആണവഭീഷണിയും വിലപേശലും വച്ചുപൊറുപ്പിക്കില്ല. ഭീകരരെ പോലെ തന്നെ ഭീകരരെ പിന്തുണയ്ക്കുന്നവരെയും നേരിടുമെന്നും പ്രധാനമന്ത്രി പറഞ്ഞു

(വോയ്സ്)

******************************

## PM ADDRESS - 3 (INTRO)

ഭീകരതയും ചർച്ചകളും ഒന്നിച്ചുപോകില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയ്സ്)

******************************

## PM ADDRESS -4 (INTRO)

ഭീകരതയ്ക്ക് എതിരായ പോരാട്ടത്തിൽ ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി രാജ്യത്തിൻറെ ഐക്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

*****************************

## PM SALUTES INDIAN – ARMED FORCES

രാജ്യത്തെ ധീരരായ സായുധ സേനകളെയും, സൈന്യത്തെയും, രഹസ്യാന്വേഷണ ഏജൻസികളെയും, ശാസ്ത്രജ്ഞരെയും അഭിവാദ്യം ചെയ്യുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഓപ്പറേഷൻ സിന്ദൂർ - നു കീഴിലുള്ള സേനകളുടെ ശൗര്യവും, ധൈര്യവും, രാജ്യത്തെ ഓരോ അമ്മയ്ക്കും, സഹോദരിക്കും, മകൾക്കും സമർപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിന്റെ മലയാള പരിഭാഷ ഇന്ന് രാവിലെ 8.30ന് ആകാശവാണി തിരുവനന്തപുരം നിലയം പ്രക്ഷേപണം ചെയ്യും.

*****************************

## SHAH JAISHANKAR – PM

ഇന്ത്യൻ സായുധ സേനയുടെ സമാനതകളില്ലാത്ത ധീരതയെ അഭിവാദ്യം ചെയ്ത് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് നീതി ലഭ്യമാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മാതൃകാപരമായ നേതൃത്വത്തിന് ശ്രീ അമിത് ഷാ സമൂഹ മാധ്യമത്തിൽ അഭിനന്ദനം രേഖപ്പെടുത്തി. പ്രധാനമന്ത്രിയുടെ പ്രസംഗം പ്രചോദനാത്മകമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

*****************************

## NADDA–PM ADDRESS

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രസംഗത്തെ പ്രശംസിച്ച് കേന്ദ്രമന്ത്രിയും ബിജെപി അധ്യക്ഷനുമായ ജെ.പി.നദ്ദ. പാകിസ്ഥാനും ഭീകരതയ്ക്കുമെതിരായ രാജ്യത്തിന്റെ അചഞ്ചലമായ പ്രതിബദ്ധതയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

******************************

## DGMO TALKS IND - PAK

അതിർത്തി മേഖലയിൽ നിന്നും സൈനികരെ കുറയ്ക്കുന്നത് ഉറപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ പരിഗണിക്കാൻ ഇന്ത്യയും പാകിസ്ഥാനും ധാരണയായി. ഇരുപക്ഷവും തമ്മിൽ ഇന്നലെ വൈകുന്നേരം നടന്ന ഡയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻ-ഡി.ജി.എം.ഒ തല ചർച്ചയിലാണ് തീരുമാനം. ഇരുപക്ഷവും വെടിയുതിർക്കുകയോ പരസ്പരം പ്രകോപനപരമായ നടപടി സ്വീകരിക്കുകയോ ചെയ്യരുതെന്ന വാഗ്ദാനം തുടരുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്തതായി ഇന്ത്യൻ സൈന്യം അറിയിച്ചു .

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.....

******************************

## DRONES - SAMBA

രാജ്യത്തിൻറെ അതിർത്തിൽ നിലവിൽ സ്ഥിതി ശാന്തമാണെന്ന് സൈന്യം. ശത്രു ഡ്രോണുകൾ അതിർത്തിൽ ഇല്ലെന്നും സൈന്യം അറിയിച്ചു.

******************************

## J AND K- SCHOOLS

ജമ്മുവിലെ, അതിർത്തിക്ക് പുറത്തുള്ള ജില്ലകളിലെയും കശ്മീർ ഡിവിഷനുകളിലെയും സ്കൂളുകളും കോളേജുകളും ഇന്ന് മുതൽ വീണ്ടും തുറക്കാൻ ജമ്മു കശ്മീർ സർക്കാർ തീരുമാനിച്ചു. വിദ്യാഭ്യാസമന്ത്രി സക്കീന ഇറ്റൂ സാമൂഹ്യ മാധ്യമ പോസ്റ്റിലാണ് ഇക്കാര്യം അറിയിച്ചത്. എന്നാൽ അതിർത്തി പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടുന്നത് തുടരും .

******************************

## OPERATION SINDOOR- BJP

ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിൽ ഇന്ന് മുതൽ 11 ദിവസം ബിജെപി തിരങ്ക യാത്ര സംഘടിപ്പിക്കും. ഈ മാസം 23 വരെ നീണ്ടു നിൽക്കുന്ന യാത്രയിൽ സാമൂഹിക പ്രവർത്തകർ, മുൻ സൈനികർ തുടങ്ങിയവർ പങ്കെടുക്കും.

******************************

## INDIA REBUTTS TRUMP

ഇന്ത്യ - പാക് സംഘർഷം അവസാനിപ്പിക്കാൻ വ്യാപാര ബന്ധം ഉയർത്തിക്കാട്ടി ഇടപെട്ടെന്ന യു എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ അവകാശവാദം തള്ളി ഇന്ത്യ. മെയ് 9 ന് യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി വാൻസും പ്രധാനമന്ത്രി നരേന്ദ്രമോദിയും തമ്മിൽ നടന്ന ചർച്ചകളിൽ വ്യാപാരത്തെക്കുറിച്ച് പരാമർശമുണ്ടായില്ലെന്ന് വിദേശകാര്യ മന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

******************************

## TRUMP-RIYADH

രണ്ടാം വട്ടം അധികാരമേറ്റതിനു ശേഷമുള്ള പശ്ചിമേഷ്യൻ സന്ദർശനത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് യു എസ് പ്രസിഡന്റ്

ഡോണൾഡ് ട്രംപ് ഇന്ന് റിയാദിലെത്തും. ഖത്തർ, യു.എ.ഇ എന്നിവിടങ്ങളും അദ്ദേഹം സന്ദർശിക്കും. റിയാദിലെത്തുന്ന ട്രംപ്, സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാനുമായി കൂടിക്കാഴ്ച നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

*****************************

## HAMAS-AMERICAN HOSTAGE RELEASE

ഗാസയിൽ ഹമാസിന്റെ തടവിലായിരുന്ന അവസാന അമേരിക്കൻ ബന്ദി, ഏദൻ അലക്സാണ്ടറെ മോചിപ്പിച്ചതായി ഇസ്രായേൽ സൈന്യം സ്ഥിരീകരിച്ചു. ഇസ്രായേലി-അമേരിക്കൻ പൗരനായ ഏദൻ, ഗാസ അതിർത്തിയിൽ സേവനമനുഷ്ഠിക്കുന്നതിനിടെ 2023 ഒക്ടോബർ 7 നാണ് ഹമാസിന്റെ പിടിയിലായത്. യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പശ്ചിമേഷ്യൻ സന്ദർശനത്തിനെത്തുന്ന സാഹചര്യത്തിലാണ് ഹമാസ് നടപടി.

*****************************

## SANJIV KHANNA

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഇന്ന് വിരമിക്കും. പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ബി ആർ ഗവായ് നാളെ ചുമതലയേൽക്കും.

*****************************

## IPL

ഇന്ത്യ- പാകിസ്ഥാൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ ഈ മാസം 17 മുതൽ പുനരാരംഭിക്കുമെന്ന് ബിസിസിഐ. 17ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. അതേസമയം മൊഹാലിയിലും ധരംശാലയിലും മത്സരം ഉണ്ടായിരിക്കില്ല.

******************************

## BADMINTON-THAILAND OPEN

തായ്‌ലാൻഡ് ഓപ്പൺ സൂപ്പർ 500 ബാഡ്മിൻറൺ ടൂർണമെൻറ് ഇന്ന് ബാങ്കോക്കിൽ ആരംഭിക്കും. ഇന്ത്യൻ താരങ്ങളായ ആയുഷ് ഷെട്ടി, ഉന്നതി ഹൂഡ, ലക്ഷ്യ സെൻ എന്നിവർ മാറ്റുരയ്ക്കും.

******************************

## PLUS ONE

പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ നാളെ മുതൽ സമർപ്പിക്കാം. പൂർണമായും ഓൺലൈനാണ് പ്രവേശന നടപടികൾ. ഈമാസം 20 വരെ അപേക്ഷ നൽകാം. 24 ന് ട്രയൽ അലോട്ട്മെൻറ് നടക്കും.

******************************

## SABARIMALA

ഇടവമാസ പൂജകൾക്കായി ശബരിമല നട നാളെ വൈകിട്ട് നാലിന് തുറക്കും. തന്ത്രി കണ്ഠര് രാജീവരുടെ സാന്നിധ്യത്തിൽ മേൽ ശാന്തി അരുൺ കുമാർ നട തുറന്ന് ദീപം തെളിക്കും. നാളെ പ്രത്യേക പൂജകളൊന്നും ഉണ്ടായിരിക്കില്ല.

******************************

## TIME SETTING-WORK

വെയിലത്ത് ജോലി ചെയ്യുന്നവർക്കായി ഈ മാസം 10 വരെ ഏർപ്പെടുത്തിയിരുന്ന സമയക്രമീകരണം 30 വരെ നീട്ടിയതായി തൊഴിൽ വകുപ്പ് അറിയിച്ചു. ഉച്ചയ്ക്ക് 12 മുതൽ 3 വരെ വിശ്രമം, രാവിലെ ഏഴിനും വൈകിട്ട് ഏഴിനുമിടയ്ക്ക് 8 മണിക്കൂർ ജോലി എന്നിങ്ങനെയാണ് സമയക്രമം.

******************************

## WEATHER

നാളെ വരെ സംസ്ഥാനത്ത് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. ഇടിമിന്നലിനും 50 കിലോമീറ്റർ വരെ വേഗതയിൽ കാറ്റിനും സാധ്യതയുണ്ട്.ഇന്ന് പത്തനംതിട്ട, ഇടുക്കി, മലപ്പുറം ജില്ലകളിലും നാളെ എറണാകുളം, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരളതീരത്ത് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

*****************************************************************************************************